**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 979** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ വന്യമൃഗശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിൽ രൂക്ഷമായ വന്യമൃഗശല്യം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലമ്പൂർ നോർത്ത് വനം ഡിവിഷന്റെ പരിധിയിലുള്ള ഏറനാട് മണ്ഡലത്തിൽ 7 കി.മീ. സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് പ്രവൃത്തി നബാർഡ് പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. 7.5 കി.മീ. സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തികൾ ചെയ്തുവരുന്നു. ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് തിരികെ അയയ്ക്കുന്നതിന് വാച്ചർമാരുടേയും ആർ.ആർ.ടി. സ്റ്റാഫിന്റേയും മുഴുവൻ സമയ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെയായി എത്ര തുക അനുവദിച്ചുവെന്നും എന്തെല്ലാം പ്രവർത്തികളാണ് ചെയ്തതെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ ഏറനാട് മണ്ഡലത്തിൽ നബാർഡ് പദ്ധതി പ്രകാരം പൂർത്തീകരിച്ച 7 കി.മീ. സോളാർ ഹാങ്ങിംഗ് ഫെൻസിംഗിനു വേണ്ടി 57.4 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ഫെൻസിംഗ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | നിലമ്പൂർ നോർത്ത് ഡിവിഷനിലെ വഴിക്കടവ് പുഞ്ചക്കൊല്ലി എന്ന സ്ഥലത്തു വെച്ച് വന്യ ജീവി ആക്രമണത്തിൽ പരിക്കേറ്റ കരുളായി പുലിമുണ്ട നഗർ ആദിവാസി കോളനിയിലെ കാട്ടുനായിക്കൻ വിഭാഗത്തിൽപ്പെട്ട ശ്രീ സുരേഷ് എന്നയാളിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാരം നല്കാത്തതിന്റെ കാരണം എന്താണെന്നും അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ? | (സി) | നഷ്ടപരിഹാരം നൽകിയിട്ടില്ല. ടിയാനെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഔദ്യോഗിക വാഹനത്തിലാണ് ആശുപത്രിയിൽ എത്തിച്ചത് എന്നതിനാൽ യാത്രയുടെ ആവശ്യാർത്ഥം മറ്റുവാഹനങ്ങൾ ഒന്നും ഉപയോഗിക്കേണ്ടി വന്നിട്ടില്ലാത്തതും അതിനാൽ തന്നെ യാത്രാച്ചെലവ് ഒന്നും തന്നെ ഉണ്ടായിട്ടില്ലാത്തതുമാണ്. കൂടാതെ സർക്കാർ ആശുപത്രിയിൽ ടിയാന്റെ ചികിത്സ തീർത്തും സൗജന്യമായിരുന്നതിനാൽ മെഡിക്കൽ ബില്ലുകളും ഉണ്ടായിരുന്നില്ല. എന്നാൽ ടിയാന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനുള്ള അപേക്ഷയിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ